## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4036 — 25.06.2018-ൽ മറുപടിയ്ക്ക്

### കുറ്റിച്ചൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | അരുവിക്കര നിയോജക മണ്ഡലത്തിലെ കുറ്റിച്ചൽ പഞ്ചായത്തിൽ ആരംഭിച്ച എം.ആർ.എസിൽ നിലവിൽ എത്ര വിദ്യാർത്ഥികളാണ് പഠനം നടത്തുന്നത്; ഇവർക്ക് പഠനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ കാര്യക്ഷമമായി ഒരുക്കിയിട്ടുണ്ടോ;വിശദാംശം വ്യക്തമാക്കാമോ; | എ) | 74 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 2018-19 അദ്ധ്യയന വർഷം ഒന്നാം ക്ലാസിൽ 22 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതാണ്. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രവർത്തിക്കുന്ന കുറ്റിച്ചൽ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യവും ഭക്ഷണവും ഒരുക്കിയിട്ടുണ്ട്. കുടിവെള്ളത്തിനായി വാട്ടർ ഫിൽട്ടർ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. സ്കൂളിൽ പ്ലേ ഗ്രൗണ്ട് ഇല്ലാത്തതിനാൽ കള്ളിക്കാട് ഗ്രാമ പഞ്ചായത്തിലെ പഞ്ചായത്ത് സ്റ്റേഡിയത്തിൽ വെള്ളി, ശനി ദിവസങ്ങളിൽ വിദ്യാർത്ഥികളെ കൊണ്ടുപോയി കായിക പരിശീലനം നൽകുന്നുണ്ട്. ഇൻഡോർ ഗെയിംസിനായി സ്കൂളിൽ തന്നെ സൗകര്യം ഒരുക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ആരോഗ്യ കാര്യങ്ങൾ, മൊബൈൽ മെഡിക്കൽ യൂണിറ്റ് മാസംതോറും സ്കൂളിലെത്തി പരിശോധിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | കുറ്റിച്ചൽ പഞ്ചായത്തിൽ എം.ആർ.എസ്. നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൂർത്തിയായിട്ടുള്ളത്;വിശദാംശങ്ങൾ നൽകാമോ; | ബി) | മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനായി കോട്ടൂർ വാലിപ്പാറ സെറ്റിൽമെന്റിൽ ലഭ്യമായ ഒരു ഹെക്ടർ സ്ഥലത്ത് മരം മുറിയ്ക്കൽ , മണ്ണ് പരിശോധന തുടങ്ങിയ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. ടി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി മുഖേന നടത്തുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| സി) | ഓരോ വർഷവും കുട്ടികൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ എം.ആർ.എസ്. ന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ